പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

**2007-2012 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട 'ഭക്ഷ്യസുരക്ഷ' എന്ന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള ചർച്ച സംബന്ധിച്ച്**

2014 ഡിസംബർ 12-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# വിഷയനിർണ്ണയ സമിതി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം

**2007-2012 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട 'ഭക്ഷ്യസുരക്ഷ' എന്ന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ചുള്ള ചർച്ച സംബന്ധിച്ച്**

1497/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| സംക്ഷേപം | .. | 1 |
| അനുബന്ധം | .. | 2 |

# വിഷയനിർണ്ണയ സമിതി I
# (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)
# (2013-2016)

**ഘടന**

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡോമിനിക് പ്രസൻറേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

,, ഇ. പി. ജയരാജൻ

,, സി. മോയിൻകുട്ടി

,, എസ്. ശർമ്മ

,, എം. വി. ശ്രേയാംസ് കുമാർ

,, പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിൻറ് സെക്രട്ടറി

ശ്രീ. റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി വി. ആർ. രജനി, അണ്ടർ സെക്രട്ടറി.

# അവതാരിക

പതിനൊന്നാം പഞ്ചവത്സര പദ്ധതിയിലെ കൃഷി വകുപ്പിന്റെ ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലുള്ള വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)-ന്റെ സംക്ഷേപം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(3) പ്രകാരം സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(v) പ്രകാരം ഭക്ഷ്യസുരക്ഷാ പദ്ധതിയെക്കുറിച്ച് 10-12-2012-ലെ യോഗത്തിൽ സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലുള്ളതാണ് ഈ സംക്ഷേപം.

2014 നവംബർ 26-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ സംക്ഷേപം അംഗീകരിച്ചു.

കെ. പി. മോഹനൻ,
*ചെയർമാൻ,*
*വിഷയനിർണ്ണയ സമിതി I.*

തിരുവനന്തപുരം,
2014 നവംബർ 26.

# സംക്ഷേപം

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(v) പ്രകാരം സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സംരംഭങ്ങളുടെയും പ്രവർത്തന റിപ്പോർട്ടുകളെക്കുറിച്ച് പഠനം നടത്താവുന്നതാണ്. പ്രസ്തുത ചട്ടപ്രകാരം, 2007-2012 പഞ്ചവത്സര പദ്ധതിയിൽപ്പെട്ട 'ഭക്ഷ്യ സുരക്ഷ' എന്ന പദ്ധതിയുടെ നടത്തിപ്പിനെക്കുറിച്ച് പഠനം നടത്താൻ സമിതി തീരുമാനിക്കുകയുണ്ടായി.

2. സമിതിയുടെ 10-12-2012-ലെ യോഗം മേൽ പ്രസ്താവിച്ച വിഷയവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായി. ചർച്ചയുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

3. പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ കൃഷിവകുപ്പിന്റെ ഭക്ഷ്യ സുരക്ഷ പദ്ധതിയുമായി ബന്ധപ്പെട്ട സ്കീമുകൾ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലും തുടരുന്നുണ്ടെന്ന് കൃഷിവകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. പ്രസ്തുത സ്കീമുകളിൽ തരിശുരഹിത ഗ്രാമങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയാണ് പ്രധാനമായും നടപ്പിലാക്കുന്ന തെന്നും ആയത് നടപ്പിലാക്കുന്ന പഞ്ചായത്തുകൾക്ക് പ്രോത്സാഹന സമ്മാനം പ്രഖ്യാപിച്ചിട്ടുണ്ടെന്നും കൂടാതെ നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി യന്ത്രവത്കരണം വളരെ വിജയകരമായി ഏർപ്പെടുത്തിയിട്ടുള്ളതായും, കുട്ടനാട് പദ്ധതിയിൽ കാലതാമസം കൂടാതെ തന്നെ യന്ത്രവത്കരണം നടത്തിവരുന്നതായും കൃഷിവകുപ്പ് ഡയറക്ടർ സമിതിയെ ധരിപ്പിച്ചു. ഇപ്രകാരം ചെയ്തതു കാരണം കഴിഞ്ഞതവണ കാലതാമസമില്ലാതെ വിളവെടുപ്പ് നടത്താൻ കഴിഞ്ഞതായും ഡയറക്ടർ അറിയിച്ചു. കൂടാതെ, സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ വികസിപ്പിച്ചെടുത്ത രീതിയിലുള്ള അഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാ മണ്ഡലങ്ങളിലും തുടങ്ങാൻ ഉദ്ദേശിക്കുന്നതായും തുടക്കത്തിൽ എട്ടെണ്ണം ഇതിനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

4. തുടർന്ന് കാട്ടാമ്പള്ളി പ്രദേശത്തെ നെൽക്കൃഷിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമായി അന്വേഷിച്ച് പ്രസ്തുത വിവരം സമിതിയെ അറിയിക്കാൻ കൃഷിവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി.

5. സമിതി നിർദ്ദേശപ്രകാരം കാട്ടാമ്പള്ളി പ്രദേശത്തെ നെൽക്കൃഷിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് 29-11-2013-ൽ കൃഷി (പ്ലാനിംഗ്-എ) വകുപ്പ് സെക്രട്ടറി ലഭ്യമാക്കുകയും 22-4-2014-ൽ ചേർന്ന യോഗത്തിൽ സമിതി പരിഗണിക്കുകയും ചെയ്തു (പ്രസ്തുത റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു). പ്രസ്തുത യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചുചേർക്കണമെന്ന് കണ്ണൂർ ജില്ലാ കളക്ടറോട് നിർദ്ദേശിക്കാൻ സമിതി ശിപാർശ ചെയ്തു.

കെ. പി. മോഹനൻ,

തിരുവനന്തപുരം, *ചെയർമാൻ,*

2014 നവംബർ 26. *വിഷയനിർണ്ണയ സമിതി I.*

1497/2014.

## അനുബന്ധം

## സബ്ജക്റ്റ് കമ്മിറ്റി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)—കാട്ടാമ്പള്ളി പ്രദേശത്തെ നെൽക്കൃഷിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട്

കണ്ണൂർ ജില്ലയിൽ മയ്യിൽ, കൊളച്ചേരി, നാറാത്ത്, കുറ്റ്യാട്ടൂർ, ചേലോറ, എളയാവൂർ, മുണ്ടേരി, പുഴാതി, ചിറയ്ക്കൽ എന്നീ ഗ്രാമപഞ്ചായത്തുകളിലായി ഉൾപ്പെടുന്ന പ്രദേശമാണ് കാട്ടാമ്പള്ളി-കൈപ്പാട് നിലങ്ങൾ. വളപട്ടണം പുഴയുടെ പോഷക നദിയായ കാട്ടാമ്പള്ളി പുഴയുടെ ഇരുഭാഗങ്ങളിലായി പ്രസ്തുത പ്രദേശം വ്യാപിച്ചുകിടക്കുന്നു.

വിവിധ ഘട്ടങ്ങളിലായി 2009-2010 സാമ്പത്തിക വർഷം മുതൽ കാട്ടാമ്പള്ളി കൈപ്പാട് നിലങ്ങളിൽ നെൽക്കൃഷി ചെയ്ത വിസ്തീർണ്ണം ചുവടെ ചേർക്കുന്നു:

| വർഷം | നെൽക്കൃഷി നടപ്പിലാക്കിയത് (ഹെക്ടർ) |
|---|---|
| 2009-2010 | 201 |
| 2010-2011 | 252 |
| 2011-2012 | 275.32 |
| 2012-2013 | 186 ഹെക്ടർ |

2013-2014-ൽ 250 ഹെക്ടറിൽ നെൽക്കൃഷി ചെയ്യാൻ ലക്ഷ്യമിട്ടതിൽ ഇതുവരെ 166.40 ഹെക്ടറിൽ നെൽക്കൃഷി ഇറക്കി. ഇതുവരെ 60% വിസ്തൃതിയിൽ പറിച്ചുനടീൽ (Transplanting) പൂർത്തിയായി. നിലവിൽ ഒറ്റവിളക്കൃഷിയാണ് അവലംബിക്കുന്നത്. 2013-2014-ൽ 3,99,715 രൂപ (2013 ജൂൺ 23 വരെ) ചെലവഴിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| (എ) | അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തികൾക്ക് ചെലവഴിച്ചത് | .. 3,29,130 |
| (ബി) | കർഷക സംഗമം | .. 1,205 |
| (സി) | കാർഷിക യന്ത്രവല്ക്കരണം | .. 33,380 |
| (ഡി) | കണ്ടിജൻസി ചെലവുകൾ (ഹോണറേറിയം) | .. 36,000 |
| | ആകെ | 3,99,715 രൂപ |